**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ലക്ഷ്മി ആറിന്റെ ക്യാൻസർ ചികിത്സയ്ക്ക് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **696/2020/തസ്വഭവ** തീയതി, തിരുവനന്തപുരം, **20/03/2020.**

---

പരാമർശം : 1) 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ

2) 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ സർക്കാർ ഉത്തരവ്

3) ശ്രീമതി.ലക്ഷ്മി ആറിന്റെ 04.05.2018 ലെ അപേക്ഷയും ബില്ലുകളും

4) പഞ്ചായത്ത് ഡയറക്ടറുടെ 27.06.2019, 12.11.2019 തീയതികളിലെ എഫ്2- 36783/2018 നമ്പർ കത്തുകൾ

5) കടയ്ക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.07.2018 ലെ 1(2)-ാം നമ്പർ തീരുമാനം

6) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 14.08.1986 ലെ G.O.(P)No.164/ 86/ H&FWD നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി ലക്ഷ്മി ആറിന്റെ ക്യാൻസർ ചികിത്സയ്ക്ക് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

2. ശ്രീമതി.ലക്ഷ്മി.ആർ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കുവാൻ 1 വർഷവും 8 മാസവും 18 ദിവസത്തിന്റെ കാലതാമസമാണ് വരുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായുള്ള അപേക്ഷ അവസാന ബില്ല് തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതായിരുന്നു. പ്രസ്തുത അപേക്ഷ സമയ ബന്ധിതമായി സമർപ്പിക്കുന്നതിലുണ്ടായ കാലതാസത്തിനുണ്ടായ കാരണം ബോധിപ്പിച്ചിട്ടുണ്ട്.

3. പരാമർശം (3) അപേക്ഷയുടെയും ടിയാൾ സമർപ്പിച്ച വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ

കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ലക്ഷ്മി ആറിന്റെ ക്യാൻസർ ചികിത്സയ്ക്ക് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി ടിയാൾ അപേക്ഷ സമർപ്പിക്കുന്നതിൽ വരുത്തിയ മനഃപൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

ശ്രീമതി. ശ്രീമതി.ലക്ഷ്മി.ആർ., ക്ലാർക്ക്, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്,

കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് (04.02.2020-ലെ യു.ഒ.നം.G2/2395/19/Health പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (No.126/EPA3/19/LSGD)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ